# പതിനഞ്ചാം കേരള നിയമസഭ

എട്ടാം സമ്മേളനം

## ചോദ്യോത്തരങ്ങൾ - സംഗ്രഹം

2023 മാർച്ച് 14, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

67 (*391) റോഡുകളുടെ ഗുണനിലവാരം ഉറപ്പാക്കാൻ നടപടി

പൊതുമരാമത്ത്- വിനോദസഞ്ചാരം വകുപ്പുമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് പൊതുമരാമത്ത് റോഡുകളുടെ ഗുണപരിശോധന ഉറപ്പാക്കുന്നതിന് നൂതന സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് ജില്ലകളിൽ ഓട്ടോമേറ്റഡ് മൊബൈൽ ടെസ്റ്റിംഗ് ലാബുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ടെന്നും സംസ്ഥാന/ജില്ലാതലങ്ങളിൽ ക്വാളിറ്റി കൺട്രോൾ വിഭാഗങ്ങളും നിർമ്മാണ പ്രവൃത്തികളുടെ പരിശോധനയ്ക്കായി ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ തലവനായി വിജിലൻസ് വിഭാഗവും

പ്രവർത്തിക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. ക്വാളിറ്റി കൺട്രോൾ മാന്വൽ പ്രകാരം ഒന്നാംഘട്ട ഗുണനിലവാര പരിശോധന നിർവ്വഹണ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ കരാറുകാരും രണ്ടാംഘട്ട ഗുണനിലവാര പരിശോധന ക്വാളിറ്റി കൺട്രോൾ വിഭാഗവും നടത്തുന്നുണ്ടെന്നും ദർഘാസ് രേഖകളിൽ ഗുണനിലവാര വ്യവസ്ഥകളുടെ വിശദാംശം ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും വ്യക്തമാക്കി. റോഡ് നിർമ്മാണത്തിന് ഫുൾ ഡെപ്ത് റിക്ലമേഷൻ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുമെന്നും റോഡുകളിലെ വിള്ളലുകൾ പ്രതിരോധിക്കാൻ കഴിയുന്ന superpave mix design രീതി സംബന്ധിച്ച് കെ.എച്ച്.ആർ.ഐ. പഠനം നടത്തിവരികയാണെന്നും കാലാവസ്ഥയ്ക്കനുയോജ്യമായ നിർമ്മാണരീതി അവലംബിക്കുമെന്നും സമയബന്ധിതമായി പ്രവൃത്തി പൂർത്തിയാക്കാത്ത കരാറുകാർക്കെതിരെ റിസ്ക് ആന്റ് കോസ്റ്റ് ടെർമിനേഷൻ, ബ്ലാക്ക്‌ലിസ്റ്റ് തുടങ്ങിയ നടപടികൾ സ്വീകരിച്ചുവരുന്നതായും റോഡ് പരിപാലനത്തിന് OPBRC (Output and Performance Based Road Contracts) പദ്ധതി നടപ്പാക്കിയിട്ടുണ്ടെന്നും നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുമെന്നും ഡി.എൽ.പി. ബോർഡുകൾ സ്ഥാപിച്ചുവരികയാണെന്നും പൈപ്പുലൈനുകൾ സ്ഥാപിക്കുന്നതിന്

റോഡുകൾ കുഴിക്കുന്നതും പൂർവ്വസ്ഥിതിയിലാക്കുന്നതും സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ടെന്നും നാട്ടുകാണി-പരപ്പനങ്ങാടി റോഡ് നിർമ്മാണത്തിലെ തടസ്സങ്ങൾ പരിഹരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

68 (*392) <u>ഉത്തരവാദിത്ത ടൂറിസം</u>

പൊതുമരാമത്ത്-വിനോദസഞ്ചാരം വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, സ്വതന്ത്ര സ്വഭാവത്തോടെ പ്രവർത്തിക്കാൻ കഴിയുംവിധം ഉത്തരവാദിത്ത ടൂറിസം മിഷനെ സൊസൈറ്റിയാക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും ജനങ്ങളെ സ്പർശിക്കാൻ കഴിയുന്ന തരത്തിലുള്ള ടൂറിസം പ്രവർത്തനങ്ങൾ വ്യാപിപ്പിക്കാനാണ് ഉത്തരവാദിത്ത ടൂറിസം മുഖേന ലക്ഷ്യമിടുന്നതെന്നും ഉത്തരവാദിത്ത ടൂറിസം ആഗോള ഉച്ചകോടി സംഘടിപ്പിച്ച് രണ്ടാം കേരള ഉത്തരവാദിത്ത ടൂറിസം പ്രഖ്യാപിച്ചതായും സഭയെ അറിയിച്ചു. പുതിയ ഡെസ്റ്റിനേഷനുകൾക്കായി കർമ്മ പദ്ധതി ആവിഷ്കരിക്കുമെന്നും 'സ്ട്രീറ്റ്', 'പെപ്പർ', 'മോഡൽ ആർ.ടി. വില്ലേജ്' തുടങ്ങിയ പദ്ധതികൾ വ്യാപിപ്പിക്കുമെന്നും അഗ്രി ടൂറിസം നെറ്റ്‌വർക്ക് ശക്തിപ്പെടുത്തുമെന്നും സമഗ്ര ഡിസൈൻ നയം രൂപീകരിക്കുമെന്നും സ്ത്രീസൗഹൃദ വിനോദസഞ്ചാര പദ്ധതി ആരംഭിച്ചിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. 'സ്ലോ ട്രാവൽ', 'പോപ്-അപ്

ടൂറിസം', 'ഇൻഫ്ലുവൻഷ്യൽ മാർക്കറ്റിംഗ്' തുടങ്ങിയ ആധുനിക ട്രെൻഡുകൾ പരമാവധി പ്രയോജനപ്പെടുത്തുമെന്നും പട്ടികവർഗ്ഗ വികസന വകുപ്പുമായി സഹകരിച്ച് വയനാട്ടിൽ 'എൻ ഊര് ഗോത്ര പൈതൃക ഗ്രാമം' യാഥാർത്ഥ്യമാക്കിയെന്നും റാന്നി നിയോജകമണ്ഡലത്തിലുൾപ്പെടെ സാധ്യമായ ആദിവാസി സങ്കേതങ്ങളെ മാതൃകാ ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങളാക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും ആലുവ മണപ്പുറം വികസന പദ്ധതി യാഥാർത്ഥ്യമാക്കുമെന്നും ഈരാറ്റുപേട്ട - വാഗമൺ റോഡ് നവീകരണം സാധ്യമാക്കാൻ കഴിഞ്ഞതായും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

69 (*393) <u>റവന്യൂ ഇൻഫർമേഷൻ ബ്യൂറോ</u>

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ) നൽകിയ മറുപടിയിൽ, റവന്യൂ വകുപ്പിന്റെ പ്രവർത്തനം കൂടുതൽ ജനകീയമാക്കുന്നതിന് നവമാധ്യമ സാധ്യതകൾ പ്രയോജനപ്പെടുത്തി റവന്യൂ ഇൻഫർമേഷൻ ബ്യൂറോ പ്രവർത്തനമാരംഭിച്ചതായും വകുപ്പിന്റെ സേവനങ്ങളും നടപടിക്രമങ്ങളും അനുബന്ധ നിയമങ്ങളും ചട്ടങ്ങളും ഉത്തരവുകളും പൊതുജനങ്ങൾക്കും ഉദ്യോഗസ്ഥർക്കും ലഭ്യമാക്കുന്നതിനാണ് ലക്ഷ്യമിടുന്നതെന്നും സഭയെ അറിയിച്ചു. റവന്യൂ സംബന്ധിച്ച

സംശയനിവാരണത്തിനായി ഒരു കോൾ സെന്റർ ആരംഭിച്ചിട്ടുണ്ടെന്നും ബ്യൂറോയുടെ പ്രവർത്തനങ്ങളുടെ ഭാഗമായി 'ഭൂമിക' എന്ന പേരിലുള്ള മാസിക പ്രസിദ്ധീകരിക്കുന്നതായും റവന്യൂ വകുപ്പിന്റെ ഓൺലൈൻ സേവനങ്ങൾ സാധാരണക്കാർക്ക് പ്രാപ്യമാക്കുന്ന 'റവന്യൂ ഇ-സാക്ഷരത' പദ്ധതി 2023 മേയ് മാസം ആരംഭിക്കുമെന്നും വ്യക്തമാക്കി. ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലാൻഡ് ആൻഡ് ഡിസാസ്റ്റർ മാനേജ്മെന്റിനെ മികവിന്റെ കേന്ദ്രമാക്കുന്നതിന്റെ ഭാഗമായി മൂന്ന് വിഷയങ്ങളിൽ എം.ബി.എ കോഴ്സുകളും എ.ഐ.സി.റ്റി.ഇ.-യുമായി സഹകരിച്ച് ഓൺലൈൻ കോഴ്സുകളും ആരംഭിക്കുമെന്നും 2023 നവംബർ 1-ഓടെ റവന്യൂ ഓഫീസുകൾ സമഗ്രമായി ഡിജിറ്റൈസ് ചെയ്യുമെന്നും റവന്യൂ വകുപ്പിൽ ലഭിക്കുന്ന അപേക്ഷകളിൽ സമയബന്ധിതമായി നടപടി സ്വീകരിക്കുമെന്നും വിദ്യാർത്ഥികൾ എൻട്രൻസ് ഉൾപ്പെടെയുള്ള പരീക്ഷകൾക്ക് അപേക്ഷിക്കുമ്പോഴും പ്രവേശനം ലഭിക്കുമ്പോഴും റവന്യൂ ഓഫീസിൽനിന്നുള്ള സാക്ഷ്യപത്രം സമർപ്പിക്കണമെന്ന നിബന്ധന സംബന്ധിച്ച് പരിശോധിക്കുമെന്നും താലൂക്കതല വികസന സമിതികളെ ശാക്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

70 (*394) തീരദേശ ഹൈവേ നിർമ്മാണം

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പമന്ത്രി (ശ്രീ. പി. എ. മുഹമ്മദ് റിയാസ്) നൽകിയ മറുപടിയിൽ, തീരദേശ ഹൈവേ നിർമ്മാണത്തിന് 9 തീരദേശ ജില്ലകളിലായി 446 കി.മി ഭാഗത്ത് സ്ഥലം ഏറ്റെടുക്കുന്നതിന് 2430 കോടി രൂപയുടെ സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നും ലഭ്യമായിട്ടുണ്ടെന്നും തീരദേശ ഹൈവേയുടെ പുരോഗതി കൃത്യമായ ഇടവേളകളിൽ വിലയിരുത്തി ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും നാടിന്റെ മുഖച്ഛായ മാറ്റുന്ന പദ്ധതിയായ തീരദേശ ഹൈവേ 2026-നുമുമ്പ് നിർമ്മാണം പൂർത്തീകരിക്കാനാണ് ശ്രമിക്കുന്നതെന്നും സഭയെ അറിയിച്ചു. നിർദ്ദിഷ്ട തീരദേശ ഹൈവേയുടെ പുതുക്കിയ അലൈൻമെന്റ് സർക്കാരിന്റെ പരിഗണനയിലാണെന്നും ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട് പ്രത്യേക പുനരധിവാസ പാക്കേജ് അനുവദിച്ചിട്ടുണ്ടെന്നും പദ്ധതിയുടെ ഡി.പി.ആർ NATPAC, LNTIEL, IDECK എന്നീ ഏജൻസികളാണ് തയ്യാറാക്കുന്നതെന്നും അലൈൻമെന്റുമായി ബന്ധപ്പെട്ട പരാതികൾ പരിശോധിക്കുന്നതാണെന്നും എല്ലാ തീരദേശ ജില്ലകളിലും ഫ്ലോട്ടിംഗ് ബ്രിഡ്ജ് സ്ഥാപിക്കുമെന്നും മണ്ണൂർ - പോഞ്ഞാശ്ശേരി റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട വിഷയത്തിൽ

അടിയന്തരമായി ഇടപെടുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

71 (*395) എം. സി. റോഡ് വികസനം

പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, എം.സി റോഡ്, കൊല്ലം - ചെങ്കോട്ട റോഡ് എന്നിവ നാല് വരിയായി വികസിപ്പിക്കുന്നതിന് 1500 കോടി രൂപയുടെ ഭരണാനുമതി തത്വത്തിൽ നൽകിയിട്ടുണ്ടെന്നും ഡി.പി.ആർ തയ്യാറാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്നും സഭയെ അറിയിച്ചു. എം.സി റോഡിന് സമാന്തരമായി തിരുവനന്തപുരം-അങ്കമാലി ഗ്രീൻഫീൽഡ് പാതയുടെ വിശദമായ പദ്ധതിരേഖ (ഡി.പി.ആർ) ദേശീയപാത അതോറിറ്റി തയ്യാറാക്കിവരുന്നതായും അലൈൻമെന്റ് അവലോകനം ചെയ്തുവരുന്നതായും വ്യക്തമാക്കി. ഗ്രീൻ ഫീൽഡ് പാത ടൂറിസത്തിന് വളരെയേറെ സാധ്യതയുള്ളതാണെന്നും ഹൈക്കിംഗ് കേന്ദ്രങ്ങൾ മനസ്സിലാക്കുന്നതിനായി ഹൈക്കിംഗ് സെന്ററുകൾ ഗൂഗിൾ മാപ്പിൽ ലിങ്ക് ചെയ്യുന്നതാണെന്നും ഡിസൈൻ പോളിസി വർക്ക്ഷോപ്പിന്റെ ഭാഗമായുള്ള കരട് നയം രൂപീകരിക്കുന്നതോടെ പൊതുമരാമത്ത് വകുപ്പിനുകീഴിലുള്ള പൊതുസ്ഥലങ്ങൾ ഫലപ്രദമായി ഉപയോഗപ്പെടുത്താൻ സാധിക്കുമെന്നും

ഡിസൈൻ വിഭാഗം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും ജംഗ്ഷൻ ഇംപ്രൂവ്മെന്റ് പദ്ധതിയുടെ ഭാഗമായി എം.സി. റോഡിലെ ഗതാഗതക്കുരുക്ക് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.